**SUNDAY** 11-06-2023 **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT**

**GOVERNMENT OF KERALA**


**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-11/06/2023.

1. സംസ്ഥാനത്ത് കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ കൊണ്ട് ഉപജീവനം നടത്തുന്ന എല്ലാ കർഷകരുടെയും ക്ഷേമവും ഉന്നമനവും ലക്ഷ്യമിട്ട് കർഷക ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഇപ്പോൾ അപേക്ഷിക്കാം. 5 സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വെച്ചിരിക്കുകയും, മൂന്ന് വർഷത്തെ കുറയാത്ത കാലയളവിൽ കൃഷി- കൃഷി അനുബന്ധ പ്രവർത്തനങ്ങൾ പ്രധാന ഉപജീവനമാർഗം ആയിരിക്കുകയും വാർഷിക വരുമാനം 5 ലക്ഷത്തിൽ കവിയാത്തതായുള്ള 18-നും 65 വയസ്സിനും ഇടയിൽ പ്രായമുള്ള ഏതൊരാൾക്കും അപേക്ഷിക്കാം. ഈ പദ്ധതിയുടെ പ്രതിമാസ അംശാദായം 100 രൂപയാണ്. അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ കർഷകർ ക്ഷേമനിധി ബോർഡിന്റെ https://kfwfb.kerala.gov.in/ എന്ന പോർട്ടൽ വഴിയാണ് നൽകേണ്ടത്. പദ്ധതിയുടെ ഗുണഭോക്താവ് ആകുന്നതിന് പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രേഖകളും (കർഷകന്റെ സത്യപ്രസ്താവന, ഫോട്ടോ, കാർഷിക അനുബന്ധ പ്രവർത്തനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം) വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന അപേക്ഷകന്റെ വാർഷിക വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, ആധാർ കാർഡ്, വയസ് തെളിയിക്കുന്ന രേഖ, ഭൂമിയുടെ കരം അടച്ച രസീതോ/ഭൂമി സംബന്ധിച്ച രേഖകളോ, എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീ ആയി 100 രൂപ ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്.

2. കൊല്ലം സദാനന്ദപുരം കൃഷിവിജ്ഞാനകേന്ദ്രത്തിൽ പാവൽ, പടവലം, മത്തൻ, കുമ്പളം, വെള്ളരി, വെണ്ട, തക്കാളി, മുളക് തൈകൾ 2.25 രൂപ, 5 രൂപ നിരക്കിൽ. സ്യൂഡോമോണാസ്, ബിവേറിയ, വെർട്ടിസീലിയം, മെറ്റാറൈസിയം, PGPR 1, 2, സൂക്ഷ്മമൂലകം - സമ്പൂർണ (നെല്ല്, വാഴ), അയർ, നന്മ, ശ്രേയ ജൈവകീടനാശിനികൾ, KAU രക്ഷ. കൂടുതൽ വിവരങ്ങൾക്ക് **0474 2663599** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാല വെള്ളായണി ഇൻസ്ട്രക്ഷനൽ ഫാമിൽ വെണ്ട, ചതുരപ്പയർ, കുറ്റിപ്പയർ, വൻപയർ, മത്തൻ, വഴുതന, തക്കാളി, മുളക്, കുറ്റി വാളരി, ചുരയ്ക്ക, WCT, കോമാടൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തൈകൾ, കൂൺ വിത്ത് എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2383572** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. ക്ഷീര വികസന വകുപ്പിന്റെ വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ഈ മാസം 13, 14 തീയതികളിൽ **"തീറ്റപ്പുൽകൃഷി"** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **9400831831** എന്ന നമ്പറിൽ വാട്സ്ആപ്പ് ചെയ്യുകയോ **0471-2501706** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

5. കൊല്ലം അഞ്ചൽ ജില്ലാ കൃഷിത്തോട്ടത്തിൽ തെങ്ങിൻ തൈകൾ, വേരുപിടിപ്പിച്ച കുരുമുളക്, മാവ് ഗ്രാഫ്റ്റുകൾ (കൊളമ്പ്, കോട്ടുക്കോണം, നീലം), പ്ലാവ് ഗ്രാഫ്റ്റുകൾ ബഡ് (സിന്ദൂർ, മുട്ടം വരിക്ക, വിയറ്റ് നാം ഏർളി), ചാമ്പ, ചെറി, ഒടിച്ചുകുത്തി പേര, തൈകൾ, പച്ചക്കറി വിത്തുകൾ, ടിഷ്യു കൾച്ചർ വാഴ, അലങ്കാരസസ്യങ്ങൾ എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470361 എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. ക്ഷീര വികസന വകുപ്പിന്റെ വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ഈ മാസം 13, 14 തീയതികളിൽ **"തീറ്റപ്പുൽകൃഷി"** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **9400831831** എന്ന നമ്പറിൽ വാട്സ്ആപ്പ് ചെയ്യുകയോ **0471-2501706** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ **"സസ്യങ്ങളിലെ പ്രജനനരീതികൾ: ബഡ്ഡിങ്, ഗ്രാഫ്റ്റിങ്"** എന്ന വിഷയത്തിൽ 2023 ജൂൺ 15 ന് ഏകദിന പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 336 രൂപ. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ജൂൺ 14 ന് മുമ്പായി പ്രവർത്തിസമയമായ രാവിലെ 10 മണി മുതൽ 5 മണി വരെ 0487 -2370773 നമ്പറിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാർഷിക നിർദ്ദേശം

8. നെൽകൃഷിയ്ക്ക് ഞാറുകൾ പറിച്ചുനടാൻ സമയമായി. ഞാറുകൾ സ്യൂഡോമോണസ് ലായനിയിൽ അര മണിക്കൂർ മുക്കിവച്ചതിനു ശേഷം നടുക. പോള ചീയൽ രോഗം നിയന്ത്രിക്കാൻ ഇത് സഹായമാകും

തെങ്ങിന് കൂമ്പു ചീയൽ - മഴയ തുടർന്ന് അന്തരീക്ഷ ആർദ്രത ഉയരുമെന്നതിനാൽ വിളകളിൽ കുമിൾ രോഗം ഉണ്ടാകാൻ സാധ്യത ഉണ്ട്. തെങ്ങിൻ മണ്ട വൃത്തിയാക്കി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുന്നതു തെങ്ങിലെ മണ്ടചീയൽ പ്രതിരോധിക്കുന്നത്തിനു സഹായിക്കും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം